പതിമൂന്നാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T2414 — 08.12. .2015-ൽ മറുപടിക്ക്.

## തിരുവനന്തപുരം നഗരസഭയിലെ അക്ഷയ സെന്ററുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ എത്ര അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും പുതുതായി എത്ര സെന്ററുകൾക്ക് അനുവാദം നൽകുവാൻ സർക്കാരും നഗരസഭയും ഉദ്ദേശിക്കുന്നുണ്ടെന്നും അറിയിക്കുമോ; | (എ) | തിരുവനന്തപുരം നഗരസഭയുടെ കീഴിൽ 35 അക്ഷയ സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.കൂടാതെ 8 സ്ഥലങ്ങളിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. . |
| (ബി) | 2015-2016 സാമ്പത്തിക വർഷം നഗരസഭ എത്ര സെന്ററുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്;അനുവാദം നൽകിയിട്ടുള്ളതിൽ എത്രയെണ്ണം എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്; | (ബി) | 2015-2016 സാമ്പത്തിക വർഷം നഗരസഭയിൽ പുതിയ 8 അക്ഷയകേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട് . ഇതിൽ ഒരു അക്ഷയ കേന്ദ്രം എസ്.സി വിഭാഗത്തിന് ലഭിച്ചിട്ടുണ്ട് |
| (സി) | അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്ത മാക്കാമോ; | | അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് . നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4 ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6 ഉം അക്ഷയകേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകിയിട്ടുണ്ട്.കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായും , കോർപ്പറേഷൻ ഭരണ സമിതിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലുമാണ് അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നത്. |

| | | | |
|---|---|---|---|
| | | | 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് (ആപ്ളിക്കേഷൻ സ്ക്രീനിംഗ്, എഴുത്ത് പരീക്ഷ, ഇന്റർവ്യൂ) അക്ഷയസംരംഭകരെ തിരഞ്ഞെടുക്കുന്നത്. പ്ലസ്ടുവോ തത്തുല്യ യോഗ്യതയോ ഉള്ള 18 വയസ്സു പൂർത്തിയാക്കിയ ആർക്കും വേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 ചതുരശ്ര അടി ചുറ്റളവുള്ള ഒരു മുറിയും, 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്. |
| ഡി) | അക്ഷയ സെന്റർ പോങ്ങുംമൂട് അനുവദിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ എസ്.സി./എസ്.ടി. വിഭാഗ ത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | പോങ്ങുംമൂട് അക്ഷയകേന്ദ്രം എസ്.സി. വിഭാഗത്തിന് അനുവദിച്ച് 3/09/2015 –ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| (ഇ) | എസ്.സി./എസ്.ടി. വിഭാഗത്തിന് പ്രത്യേക ഇളവ് നൽകുവാൻ നഗരസഭയും സർക്കാരും തയ്യാറാകുമോ? | (ഇ) | എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള അക്ഷയ സംരംഭക അപേക്ഷകർക്ക് 20% ശതമാനം അധികം മാർക്കും കൂടാതെ ആപ്ളിക്കേഷൻ സ്ക്രീനിംഗ്, ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയ്ക്ക് ആകെ ലഭിച്ച മാർക്കിന്റെ 10% അധികവും നല്കണമെന്നുള്ള സർക്കാർ നിർദ്ദേശം നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**